# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.294 | 09.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**പ്രധാനമന്ത്രി ആവാസ് യോജന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന 'പ്രധാനമന്ത്രി ആവാസ് യോജന എല്ലാ പേർക്കും ഭവനം 2022' പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗര സഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ). നഗരപ്രദേശത്ത് താമസിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി പാർപ്പിടം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കുടുംബശ്രീയാണ്.<br>ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം, അഫോർഡബിൾ ഹൗസിംഗ് സ്കീം, ചേരിവികസനം എന്നീ 4 ഘടകങ്ങളിലൂടെയാണ് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | എത്രപേർക്കാണ് പ്രസ്തുത ഭവനനിർമ്മാണ പദ്ധതിപ്രകാരം ലോൺ അനുവദിക്കുന്നത്; | (ബി) | നഗരസഭ പരിധിയിൽ താമസിക്കുന്ന എന്നാൽ സ്വന്തമായി ഭവനമില്ലാത്ത എല്ലാവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളിൽ ബാങ്ക് നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയുന്ന എല്ലാവർക്കും, കുറഞ്ഞ പലിശനിരക്കിൽ ഭവനം നിർമ്മിക്കുന്നതിനും, വാങ്ങിക്കുന്നതിനും, ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതാണ്.<br>വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് പരമാവധി 20 വർഷ തിരിച്ചടവ് കാലയളവിലേയ്ക്ക് 6 ലക്ഷം രൂപ വരെ 6.5% പലിശ ഇളവിൽ ലോൺ ലഭിക്കുന്നു.<br>6 മുതൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് 9 ലക്ഷം രൂപ വരെ 4% പലിശയിളവിൽ ലോൺ ലഭിക്കുന്നു.<br>12 മുതൽ 18 ലക്ഷം രൂപ വരെ വാർഷിക വരുമാനുമുള്ള കുടുംബങ്ങൾക്ക് 12 ലക്ഷം രൂപ വരെ 3% പലിശയിളവിൽ ലോൺ ലഭിക്കുന്നു.<br>ഇൻഡ്യയിൽ ഒരിടത്തും സ്വന്തമായി വീടില്ലാത്തവർക്ക് മാത്രമേ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയൂ. |

| | | | |
|---|---|---|---|
| (സി) | ഈ ലോൺ ലഭിയ്ക്കുന്നവർക്ക് എപ്രകാരമാണ് പലിശ സബ്സിഡി അനുവദിക്കുന്നത്; | (സി) | അർഹരായ ഗുണഭോക്താക്കൾക്ക് പലിശയിളവിന്റെ ആനുകൂല്യം ലഭിക്കുന്നതിനായി 2.30 ലക്ഷം രൂപ മുതൽ 2.67 ലക്ഷം രൂപ വരെ, ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മുൻകൂറായി നൽകിവരുന്നു. |
| (ഡി) | ലോൺ മുഴുവനും അടച്ചുതീർത്തശേഷം മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളോ, അതോ വർഷാവർഷം പലിശ സബ്സിഡി അനുവദിക്കുമോ? | (ഡി) | ലോൺ അനുവദിക്കുന്ന സമയത്തുതന്നെ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമാക്കുക (Upfront Subsidy) യാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ